**ഫോറം നമ്പർ 10**

**[21(16) ചട്ടം കാണുക]**

**സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനം**

നമ്പർ :DCKNR/9985/17/സി3 തീയ്യതി : 01.07.2019

താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും , സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള വിജ്ഞാപനം 22.03.19 തീയ്യതിയിലെ വാല്യം 8 772/19 നമ്പർ അസാധാരണ ഗസറ്റിലും 24.03.19 ലെ ദേശാഭിമാനി ദിനപത്രത്തിലും 26.03.19 തീയ്യതിയിലെ കേരള കൗമുദി ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും ആയത് സംബന്ധിച്ച തിരുത്ത് 16.05.19 ലെ തീയ്യതിയിലെ വാല്യം 8 , 1184 നമ്പർ അസാധാരണ ഗസറ്റിലും , 26.06.19 തീയ്യതിയിലെ 1408 നമ്പർ അസാധാരണ ഗസറ്റിലും 15.06.19 തീയ്യതിയിലെ ദേശാഭിമാനി ദിനപത്രത്തിലും 15.06.19 തീയ്യതിയിലെ കേരള കൗമദി ദിനപത്രത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും

താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമി ഒരു പൊതു കാര്യത്തിനായി പൊന്നും വിലയ്ക്ക് ഏറ്റെടുക്കേണ്ടതുണ്ടെന്ന് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് വകുപ്പ് 15 ഉപവകുപ്പ് (1) പ്രകാരം സ്ഥലമെടുപ്പ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പരിഗണിച്ച് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാകലക്ടർക്ക് ബോധ്യപ്പെട്ടതിനാലും

ഇപ്പോൾ തന്മൂലം 19 ാം വകുപ്പ് പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.0151 ഹെക്ടർ അതിൽ അല്പം കൂടുതലോ കുറവോ വിസ്തീർണ്ണം വരുന്നതുമായ ഭൂമി ഒരു പൊതു ആവശ്യത്തിന് , അതായത് കൊടുവള്ളി റെയിൽവെ മേൽപാലം നിർമ്മിക്കുന്നതിന് ആശ്യമുണ്ടെന്ന് സമുചിത സർക്കാർ എന്ന നിലയിൽ ജില്ലാകലക്ടർ ഇതിനാൽ പ്രഖ്യാപിക്കുകയും പ്രസ്തുത ഭൂമി പൊന്നും വിലക്കെടുക്കുന്നതിനായുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനായി പൊന്നും വില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ. എ) തലശ്ശേരി എന്ന ആളിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ തലശ്ശേരി ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതുമാകുന്നു.

## പട്ടിക 1

## പൊന്നും വില ഭൂമിയുടെ വിവരണം

ജില്ല : കണ്ണൂർ

താലൂക്ക് : തലശ്ശേരി

വില്ലേജ് : തലശ്ശേരി

ദേശം : മണ്ണയാട്

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ക്രമ നമ്പർ | ബ്ലോക്ക് | റി.സ നമ്പർ | എൽ. എ സബ്ബ് ഡിവിഷൻ | വിവരണം | വിസ്തീർണ്ണം (ഹെക്ടർ) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 159 | 15/15 എ | 15/19 | തോട്ടം | 0.0011 | |
| 2 | 159 | 21/6 എ | 21/11 | തോട്ടം | 0.0045 | |
| 3 | 159 | 32/1 | 32/3 | പുറമ്പോക്ക് | 0.0003 | |
| 4 | 159 | 33/3 ബി | 33/24 | പുറമ്പോക്ക് | 0.0092 | |
| **ആകെ** | | | | | **0.0151 ഹെക്ടർ** | |

## പട്ടിക 2

## പുനരധിവാസ ഭൂമി സംബന്ധിച്ച വിവരം

പുനരധിവാസം പുനഃസ്ഥാപനം ആവശ്യമില്ല

## പട്ടിക 3

## പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള പദ്ധതിയുടെ ചുരുക്കം

പുനരധിവാസം പുനഃസ്ഥാപനം ആവശ്യമില്ല

ജില്ലാ കലക്ടർ,

കണ്ണൂർ